## കത്തുകൾ

## പഴമയിലെ പുതുമ തേടി

കലാകൗമുദി 265-ാം ലക്കത്തിൽ പ്രസിദ്ധീകരിച്ച സി. പി. നായരുടെ പ്രതികരണം ശ്രദ്ധിച്ചു. രാജീവന്റെ യാന്ത്രികമായ ഭൗതികവാദംപോലെ തന്നെ ഇടുങ്ങിയതും ഭാവനാശൂന്യവുമായ ഒരു ചിന്താഗതിയിൽ (ലക്കില്ലാത്ത ആർഷഭക്തി) ഊന്നിനിന്നുകൊണ്ട് കഴിഞ്ഞ രണ്ടുമൂന്നു ദശകങ്ങൾക്കുള്ളിൽ മലയാള സാഹിത്യത്തിൽ സംഭവിച്ച സർഗ്ഗാത്മക പരിണാമത്തെ അപ്പാടെ നിഷേധിക്കുന്ന ഒരു നിരൂപകനെപ്പറ്റി ഞാൻ നടത്തിയ പരാമർശം അദ്ദേഹത്തെ അസ്വസ്ഥനാക്കിയെങ്കിൽ ഞാനതിൽ ഖേദിക്കുന്നു. പക്ഷേ, ഭാസ്കരൻനായരുടെ സാഹിത്യസംബന്ധിയായ പരിപ്രേക്ഷ്യത്തെ വിവരിക്കാൻ അതിനെക്കാൾ ഉചിതമായൊരു വിശേഷണം എന്റെ നിഘണ്ടുവിൽ ഇല്ലാതെ പോയി. ഭാസ്കരൻനായരുടെ ശാസ്ത്രലേഖനങ്ങൾ മെച്ചമായിരിക്കാം; അവയെപ്പറ്റി വിധി കല്പിക്കാൻ ഞാനാളല്ല. പക്ഷേ, ഒരു സാഹിത്യനിരൂപകനെന്ന നിലയിൽ അദ്ദേഹം തന്റെ വിരസമായ പക്ഷപാതങ്ങളുടെ ആകെത്തുക മാത്രമാണ്. ആധുനികരെ മാത്രമല്ല, തന്റെ പ്രിയപ്പെട്ട കവി പി. കുഞ്ഞിരാമൻനായരെ കൂടി ഉൾക്കൊള്ളാൻ പര്യാപ്തമല്ല അദ്ദേഹത്തിന്റെ കലാമാനദണ്ഡമെന്നതാണ് വാസ്തവം. പി. യുടെ ഭക്തിഭാവവും പുനരുജ്ജീവനവാദവും മാത്രം ഉയർത്തിക്കാട്ടിക്കൊണ്ട് 'കളിയച്ഛൻ' പോലൊരു കവിതയുടെ പിന്നിൽ കുടികൊള്ളുന്ന ആത്മവേധിയായ മൂല്യസംഘർഷത്തെ വിസ്മരിക്കാൻ പ്രേരിപ്പിക്കുന്ന ഭാവുകത്വമാണ് ഭാസ്കരൻനായരുടേതു്. 'കളിയച്ഛൻ' വേണ്ടപോലെ ഉൾക്കൊണ്ടിരുന്നുവെങ്കിൽ, ആ കവിതയിൽ നീറിപ്പിടിച്ചു നിൽക്കുന്ന വ്യക്തിത്വാനുഭവത്തിന്റെ ആദിരൂപപരമായ ഭാവതലങ്ങളിലേക്ക് (ദൈവത്തിൽ നിന്നുവേർപിരിഞ്ഞ മനുഷ്യൻ അനുഭവിക്കുന്ന അന്യതാബോധം; താൻ ഈ ലോകത്തിന്റേതല്ലെന്ന് രഹസ്യമായി കരുതുന്ന കാല്പനിക കവിയുടെ ആത്മീയമായ സ്വപ്നാടനകൗതുകം; പിതൃനിഷേധം പോലുള്ള ആഴമേറിയ അബോധപ്രേരണകൾക്കു സൃഷ്ടിപ്രക്രിയയുമായുള്ള ബന്ധം) ഉണർന്നിരുന്നുവെങ്കിൽ ആധുനിക സംവേദനങ്ങളോടുള്ള അദ്ദേഹത്തിന്റെ സമീപനം തീർത്തും മറ്റൊന്നാകുമായിരുന്നു; അതിരിക്കട്ടെ. കുട്ടികൃഷ്ണമാരാരെപ്പോലെ സമകാലികാനുഭവത്തിന്റെ മൂശയിൽവച്ച് ഓരോ തലമുറയും വീണ്ടുംവീണ്ടും കണ്ടെത്തുകയും ചോദ്യംചെയ്യുകയും ചെയ്യേണ്ട ഒന്നാണ് പൗരാണിക ധാർമ്മിക നീതിയെന്ന് അംഗീകരിക്കാൻ കൂടി അദ്ദേഹം തയ്യാറായിക്കണ്ടിട്ടില്ല. ഇവിടത്തെ അടിസ്ഥാന പ്രശ്നം ഇതാണ്; അല്ലാതെ സാഹിത്യത്തിലെ ആധുനിക പ്രസ്ഥാനത്തിന് ഭാസ്കരൻ നായരിൽ നിന്നും കിട്ടാതെ പോയ കൈയടിയല്ല. ആധുനികതയെക്കുറിച്ച് ഭാസ്കരൻ നായർക്കുള്ള അളവിൽ സന്ദേഹം വച്ചു പുലർത്തുന്ന ഒരാളാണ് പ്രൊഫസർ ഗുപ്തൻനായർ. എന്നിട്ടും അദ്ദേഹത്തെ പഴഞ്ചനെന്ന് വിശേഷിപ്പിക്കാൻ ഞാനൊരുക്കമല്ല. കലാകൗമുദിയുടെ കവിതാചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഈ രണ്ടുപേരും നടത്തിയ അഭിപ്രായപ്രകടനങ്ങൾ താരതമ്യപ്പെടുത്തി നോക്കാൻ ഞാൻ സി. പി. നായരോട് അഭ്യർത്ഥിക്കുന്നു. ഗുപ്തൻനായരുടെ പക്വമായ ലിബറൽ വീക്ഷണവും ഭാസ്കരൻനായരുടെ നീക്കുപോക്കില്ലാത്ത യാഥാസ്ഥിതികത്വവും തമ്മിലുള്ള അകലം അപ്പോൾ അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടെന്നു വരും. അദ്ദേഹം ഏറ്റെ പ്രശംസിക്കുന്ന ഭാസ്കരൻനായരുടെ ഗദ്യശൈലിക്കുപോലുമുണ്ട് ഒരുതരം കനംവച്ച കൃത്രിമപ്രൗഢി.

പുതിയ തലമുറയുടെ ആദരവർഹിക്കുന്ന പൂർവസൂരികളുടെ കൂട്ടത്തിൽ സി. പി. നായർ നിർദ്ദേശിച്ച മറ്റൊരു പേരു കണ്ടപ്പോൾ പരിണതപ്രജ്ഞനായ അദ്ദേഹത്തിന്റെ ആസ്വാദനബോധത്തിന് എന്തു സംഭവിച്ചു പോയി എന്നു ഞാൻ അമ്പരന്നു. പണ്ടൊരുകാലത്തു് അന്തസ്സാരവിഹീനമായ ഒരു അപസർപ്പകകൃതി എഴുതി നിരൂപകപ്പട്ടം തട്ടിയെടുത്ത മുൻ പ്രൊ-വൈസ് ചാൻസലറെ വന്ദിച്ചില്ലെങ്കിൽ അതു പൂജ്യപൂജാവ്യതിക്രമമാകുമത്രേ! ജി. ശങ്കരക്കുറുപ്പ് എന്ന മനുഷ്യൻ സൃഷ്ടികർമ്മത്തിലേർപ്പെട്ടതുകാരണം മലയാളനാട്ടിലെ പുലരികൾക്കു പുതിയ കുങ്കുമനിറവും. സന്ധ്യകൾക്ക് അധികവിഷാദവും, കടലിന്റെ നെഞ്ചിടിപ്പിന് പണ്ടില്ലാത്ത താളവേഗവും കൈവന്നു. ഒരുപക്ഷേ, പാശ്ചാത്യ കവിതയിൽ ഷെല്ലിക്കുമാത്രം സാക്ഷാൽക്കരിക്കാൻ സാധിച്ച കവിഭാവനയുടെ ഒരു പ്രത്യേക സിദ്ധിയാണ് ജി.ക്കു മലയാളവായനക്കാരനെ അനുഭവിപ്പിക്കാൻ കഴിഞ്ഞതു്. ഈ സത്യത്തെ നിഷേധിക്കാൻ ശ്രമിച്ചപ്പോൾ സുകുമാർ അഴീക്കോടിന്റെ അഹന്ത അതിന്റെ അല്പജ്ഞത സ്വയം വിളംബരപ്പെടുത്തുകയാണു ചെയ്തതു്. ഒരു സി. ജെ. തോമസ്സിന്റെ അരാജകപ്രതിഭയെ ആദരിക്കുവാൻ, അല്ലെങ്കിൽ ഒരു എം. വി. ദേവന്റെ ലാവണ്യാത്മക വിമർശനത്തിന്റെ കാതൽ കണ്ടെത്തുവാൻ പ്രേരിപ്പിക്കുന്ന അതേ ചേതോവികാരമാണ് സുകുമാർ അഴീക്കോടിന്റെ സാഹിത്യജീവിതം ദാരുണമായൊരുപാഴ്ച്ചെലവായിരുന്നു എന്നു പറയാൻ എനിക്കു കരുത്തു തരുന്നതു്. 'ഗുരുനിന്ദ'യുടെയോ അല്ലെങ്കിൽ തലമുറകൾ തമ്മിലുള്ള വിടവിന്റെയോ പ്രശ്നമായി ഇതിനെ വെട്ടിച്ചുരുക്കുന്നതു് ശരിയാവില്ല. കാരണം, ഇവിടെ അന്തർഭവിച്ചിട്ടുള്ള അടിസ്ഥാന പ്രശ്നം ഒരു സൗന്ദര്യസമീപനത്തെ, അല്ലെങ്കിൽ ഒരനുഭവദർശനത്തെ സംബന്ധിക്കുന്നതാണ്.

വി. രാജകൃഷ്ണൻ,
തിരുവനന്തപുരം.

## വിനയത്തെപ്പറ്റി

സി. പി. നായർ, ഐ. എ. എസ്. എഴുതിയ കത്തിൽ (കലാകൗമുദി, 265) എന്നെ പരോക്ഷമായി പരാമർശിക്കുന്ന ഒരു വാചകമുണ്ടായിരുന്നു. എസ്. ഗുപ്തൻ നായരെക്കുറിച്ച് ഞാൻ കുറെ കാലംമുമ്പു പറഞ്ഞ ചില കാര്യങ്ങളായിരുന്നു പരാമർശവിധേയമായതു്. ഗുപ്തൻ നായരുൾപ്പെടെയുള്ള പല എഴുത്തുകാരെയും കുറിച്ച് എഴുതാനിടയായിട്ടുള്ള ഒരാളെന്ന നിലയിൽ, അത്തരം നിരൂപണങ്ങളുടെ സാഹചര്യം വെളിവാക്കുവാനാണ് ഞാൻ ഈ കത്തെഴുതുന്നതു്.

നിലവിലുള്ള കാവ്യാഭിരുചിയെ തിരുത്തുവാൻ ശ്രമിക്കുന്നതു് നിരൂപണത്തിന്റെ പ്രധാനമായ ഒരംശമാണെന്ന് എനിക്കു തോന്നുന്നു. അനുവാചകന്റെ സംവേദനരീതിയിൽ മാറ്റം വരുത്തണമെന്ന വാശിയില്ലെങ്കിൽ പിന്നെ, നിരൂപണം എന്തിന്? ശക്തമായ ബോദ്ധ്യങ്ങളുടെ പ്രചാരണമാണ് നിരൂപണത്തെ പ്രസക്തമാക്കുന്നതു്. തന്റെ ഭാവുകത്വത്തോടുള്ള കർശനമായ ഉത്തരവാദിത്വമാണ് നിരൂപകന്റെ ശക്തി.

നമ്മുടെ നാട്ടിലെ സാംസ്കാരിക വൃത്തങ്ങളിൽ അർത്ഥസമ്പന്നമായ ഒരു ആധുനികീകരണം നടക്കുന്ന കാലത്താണ് ഞാൻ നിരൂപണലേഖനങ്ങൾ എഴുതിത്തുടങ്ങുന്നതു്. സംവേദനത്തിലുള്ള ഒരു വമ്പിച്ച കുതിച്ചുചാട്ടമായി ഞാൻ ആ പ്രവണതയെ വിലയിരുത്തിയിട്ടുണ്ട്. (തെളിവായി രണ്ടു പുസ്തകങ്ങളുണ്ട്.) കവികളും കഥാകൃത്തുക്കളും നാടക-ചലച്ചിത്രകാരന്മാരും ബോധപൂർവ്വമായോ അല്ലാതെയോ പങ്കാളികളായിത്തീർന്ന ഒരു സാമൂഹ്യമുന്നേറ്റമായിരുന്നു അതു്. നമ്മുടെ വ്യവസ്ഥാപിതമായ മൂല്യങ്ങളെ കടന്നാക്രമിക്കുന്ന ഒരു സ്വഭാവം ഈ പുതിയ ഭാവുകത്വത്തിനു കേന്ദ്രകമായിത്തീർന്നു. സന്ധിയില്ലാത്ത ഈ കലാപം ഒരു രാഷ്ട്രീയ വിമർശനത്തെക്കാളേറെ വ്യാപകവും കൂടുതൽ സങ്കീർണ്ണവുമായിരുന്നു. പലപ്പോഴും അതു് വായനക്കാരുടെ മൂല്യബോധത്തെ നടുക്കുന്നതായിരുന്നു. സാമാന്യജനതയുടെ വികാരങ്ങളെ വിഷയമാക്കിയ കമ്പോളസാഹിത്യത്തിനെതിരായിരുന്നു, അതു്. വ്യവസ്ഥാപിത നിരൂപണവും അക്കാഡമിക് പാണ്ഡിത്യവും അതിനെ പുച്ഛിക്കുകയും സംശയിക്കുകയും ചെയ്തു. എന്നാൽ കലാപത്തിന്റെയും നിഷേധത്തിന്റെയും അംശം നിലനിറുത്തുവാനുള്ള പരിശ്രമത്തിന് ചിന്താപരമായ അടിത്തറ നൽകുവാൻ ശ്രമിക്കുന്ന വളരെക്കുറച്ച് എഴുത്തുകാരിലൊരാളായി ഞാൻ എന്നെ കണ്ടു.

സാഹിത്യകൃതികൾക്കുള്ളിലെ വിപ്ലവകരമായ അംശ



Digitized by Kerala Sahitya Akademi